**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 990** **25.01.2018 ലെ മറുപടി**

## വാട്ടർ അതോറിറ്റിയുടെ അനാഥമായി കിടക്കുന്ന പൈപ്പുകൾ

| ചോദ്യം<br>**ശ്രീ.എൻ.എ. നെല്ലിക്കുന്ന്** | മറുപടി<br>**മാത്യൂ ടി.തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
|---|---|
| എ) കാസർകോട് ചെർക്കള മുതൽ വിദ്യാനഗർ വരെ ദേശീയപാതക്കരികിൽ വാട്ടർ അതോറിറ്റിയുടെ വലിയ പൈപ്പുകൾ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പൈപ്പുകൾ ഉപയോഗിക്കാതെ കിടക്കുന്നതിന്റെ കാരണമെന്താണെന്നും എത്ര കാലമായി ഈ അവസ്ഥ തുടരുന്നുവെന്നും വ്യക്തമാക്കാമോ; | എ) ഉണ്ട്; ചെർക്കള മുതൽ കാസർഗോഡ് വരെയുള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ പ്രവൃത്തിക്കാവശ്യമായ പൈപ്പുകൾ കരാറുകാരൻ സപ്ലൈ ചെയ്തു കഴിഞ്ഞു. പ്രസ്തുത പൈപ്പ് ലൈൻ കടന്നു പോകുന്ന പ്രദേശം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ റോഡ് വിപുലീകരണ പദ്ധതിയിൽ ഉൾപ്പെട്ടതായതിനാൽ റോഡിന്റെ ഏറ്റവും പുറത്തെ ഭാഗത്തുകൂടി മാത്രമേ പൈപ്പ് ലൈൻ സ്ഥാപിക്കാൻ പാടുള്ളൂ എന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ നിർദ്ദേശിച്ചിരിക്കുകയാണ്. ഈ സ്ഥലം സ്വകാര്യ വ്യക്തികളുടെ കൈവശമായതിനാൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ലാന്റ് അക്വിസിഷൻ നടപടി പൂർത്തിയായാൽ മാത്രമേ പൈപ്പ് ലൈൻ സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. |
| ബി) പ്രസ്തുത പൈപ്പുകൾ ഏതു ഫണ്ടുപയോഗിച്ച് വാങ്ങിയതാണെന്നും പൈപ്പിടുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ; | ബി) പ്രസ്തുത പൈപ്പുകൾ പ്ലാൻ ഫണ്ടുപയോഗിച്ചാണ് വാങ്ങിയിട്ടുള്ളത്. പ്രവൃത്തി 1.7.2016-ന് ടെണ്ടർ ചെയ്ത് 25.10.2016-ന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. |
| സി) എങ്കിൽ ആരാണ് കരാറുകാരനെന്നും പ്രവൃത്തി എപ്പോൾ തുടങ്ങുമെന്നും വ്യക്തമാക്കാമോ? | സി) അൾട്രാകോൺ കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ്, മിലിറ്ററി ക്യാംപിന് സമീപം, മഡ്ഗോവ, ഗോവ സ്റ്റേറ്റ് പ്രസ്തുത പ്രവൃത്തിയുടെ പൈപ്പുകൾ ഇറക്കിവെച്ചുവെങ്കിലും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുമതി ലഭിക്കാത്തതിനാൽ പൈപ്പിടുന്ന പ്രവൃത്തി തുടങ്ങിയിട്ടില്ല. |

Renuka Sankar
സെക്ഷൻ ഓഫീസർ